പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1505 05.02.2019 ലെ മറുപടിക്ക്

## തുറമുഖങ്ങൾ വഴിയുള്ള റബ്ബർ ഇറക്കുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) അഡ്വാൻസ് ഓതറൈസേഷൻ സ്കീം പ്രകാരം തുറമുഖങ്ങൾ വഴിയുള്ള റബ്ബർ ഇറക്കുമതി മാനദണ്ഡങ്ങളിൽ ഇളവ് നൽകിയ കേന്ദ്ര നടപടി സംസ്ഥാനത്തെ റബ്ബർ കർഷകരെയും സമ്പദ് വ്യവസ്ഥയേയും എപ്രകാരം ബാധിക്കുമെന്ന് കൃഷി വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; | (എ) ഇറക്കുമതിയുടെ ഭൂരിഭാഗവും ചുങ്കം നൽകിയുള്ള ഇറക്കുമതിയാണ്.ഇറക്കുമതിയുടെ 25 മുതൽ 30% വരെയാണ് അഡ്വാൻസ് ഓതറൈസേഷൻ പ്രകാരം സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നത്. എല്ലാത്തരത്തിലുള്ള ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുന്നുണ്ട്. |
| (ബ) കടത്ത് കൂലി കുറയുമെന്നതിനാൽ വൻകിട ടയർ കമ്പനികൾ കേരളത്തിൽ നിന്നും റബ്ബർ സംഭരിക്കുന്നതിന് പകരം തുറമുഖം വഴിയുള്ള റബ്ബറിനെ കൂടുതൽ ആശ്രയിക്കുന്ന സാഹചര്യമുണ്ടോ; | (ബി) ഇറക്കുമതിയ്ക്ക് തുറമുഖ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് ഒരു പരിധി വരെ ആഭ്യന്തര റബ്ബറിനെ ആശ്രയിക്കുവാൻ വ്യവസായികളെ പ്രേരിപ്പിക്കുന്നുണ്ട്. |
| (സി) എങ്കിൽ ഇക്കാര്യത്തിലിടപെട്ട് സംസ്ഥാനത്തെ റബ്ബർ കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | സി) സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും റബ്ബറിന് സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ആയതിന് സമ്മർദ്ദം ചെലുത്തുകയും ചെയ്തു വരുന്നു. |

ഡെപ്യൂട്ടി സെക്രട്ടറി